## 2. ചരിത്രം

ബൈസാന്തിയൻ (റോം), സാസാനിയൻ (പേർഷ്യ) സാമ്രാജ്യങ്ങളെ ശിഥിലമാക്കിക്കൊണ്ടാണ് ഇസ്ലാമിക നാഗരികത മേല്ക്കൈ നേടിയത്. ക്രി. 630 മുതൽ ആരംഭിച്ചതാണ് ഇസ്ലാമിക നാഗരികതയുടെ അധീശത്വം. എന്നാൽ ഇസ്ലാമിക കലാചരിത്രത്തിൽ ഏറ്റവും പ്രാചീനമായ മാതൃക മക്കഃയിൽ ഇബ്റാഹീംനബി പണികഴിപ്പിച്ച കഅ്ബഃ(ഘനചതുരം- **Cube** -എന്നാണ് ഈ അറബി പദത്തിന്റെ അർഥം) യാണ്. കഅ്ബഃ ലാളിത്യത്തിന്റെയും ഘടനാ പൊരുത്തത്തിന്റെയും തികവൊത്ത മാതൃകയാവുന്നു. ജ്യാമിതീയമായ അമൂർത്തത എന്ന ആശയത്തിന് മുസ്ലിം വാസ്തുവിദ്യാ വിദഗ്ധർ കഅ്ബഃയോടാണു കടപ്പെട്ടിരിക്കുന്നത്. ബൈതുൽ മഖ്ദിസും മദീനഃയിലെ നബിയുടെ പള്ളിയുമാണ് ഇസ്ലാമിക വാസ്തുവിദ്യയുടെ മറ്റു രണ്ട് ആദ്യകാല സംഭാവനകൾ. ഇസ്ലാമിക കലയുടെ വർണപ്പകിട്ടാർന്ന സാന്നിധ്യം അനുഭവപ്പെടുന്നത് ഉമവീ-അബ്ബാസീ ഖിലാഫതുകളുടെ കാലത്താണ്. ഏഷ്യയിലും ആഫ്രിക്കയിലും ഇക്കാലത്ത് ഇസ്ലാം ഗണ്യമായ പ്രചാരം നേടുകയും യൂറോപ്പിലേക്ക് കാലൂന്നുകയും ചെയ്തു. രണ്ടു പ്രധാന സാമ്രാജ്യങ്ങൾ ഇസ്ലാമിന്റെ ഭാഗമായി. ഈജിപ്തിലും സ്പെയ്നിലും മൊറോക്കോയിലും തുർകിയിലും മുസ്ലിം ഭരണ വംശങ്ങൾ ഉദയം ചെയ്തു. ക്രി. 635-ൽ ബസ്റഃയിലും 638-ൽ കൂഫഃയിലും 670-ൽ തൂനിസിലും പള്ളികൾ നിർമിക്കപ്പെട്ടു. 691-92 കാലയളവിലാണ് ജറൂസലമിൽ ഡോം ഓഫ് ദ റോക്കി(ഖുബ്ബതുസ്സ്വഖ്റഃ)ന്റെ പണി പൂർത്തിയായത്. ഉമവീ വാഴ്ചക്കാലത്ത് ദമസ്കസിലെ വലിയ പള്ളി പണിയുകയും മദീനഃയിലെ മസ്ജിദുന്നബവിയും ജറൂസലമിലെ മസ്ജിദുൽ അഖ്സ്വായും പുനർനിർമിക്കുകയും ചെയ്തു.

അബ്ബാസീ ഖലീഫഃമാർ (750-1258) ഇസ്ലാമിക നാഗരികതയുടെ വൈജ്ഞാനിക- കലാ ചക്രവാളം വികസിപ്പിച്ചവരാണ്. ബഗ്ദാദ് നഗരം, കൊർദോവ, സാമർറായിലെ കൊട്ടാരങ്ങളും പള്ളികളും, ഫുസ്ത്വാത്വിലെ ഇബ്നുത്വൂലൂൻ പള്ളി, കലിഗ്രഫി ഇങ്ങനെ ഇസ്ലാമിക കലയ്ക്ക് അബ്ബാസികളുടെ സംഭാവനകൾ നിരവധിയാണ്. ഇബ്നുമുഖ്ലഃ, ഇബ്നുൽ ബവ്വാബ് തുടങ്ങിയ കലിഗ്രഫി വിദഗ്ധർ അക്കാലത്തെ പ്രധാനികളായി അറിയപ്പെടുന്നു. 1333-ൽ അൽഹംറാഅ് കൊട്ടാരം നഗരമായി വികസിച്ചു.

1539-40-ലാണ് ഇറാനിലെ ''അർദബീൽ'' പരവതാനി നിർമിക്കപ്പെട്ടത്. 1550-57-ൽ ഇസ്തംബൂളിലെ സുലൈമാനിയ്യഃ പള്ളി(രൂപകല്പന-സിനാൻ) സ്ഥാപിക്കപ്പെട്ടു. 1571-ലാണ് ഫത്ഹ്പൂർ സിക്രിയിലെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1612-30-ൽ ഇസ്ഫഹാനിലെ മസ്ജിദു ഷാ പണി തീർന്നു. 1647-ൽ താജ്മഹലിന്റെ പണി പൂർത്തിയായി.

വാസ്തുവിദ്യ, കൈയെഴുത്തുകല, അറബെസ്ഖ്, പിഞ്ഞാണ-പാത്ര നിർമാണ കല, മൊസൈക്, പരവതാനി, നഗര സംവിധാനം, നെയ്ത്ത്, ആയുധങ്ങൾ ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ വ്യാപിച്ചു കിടക്കുന്നതാണ് ഇസ്ലാമിക കല.